പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 16 — 07.08.2017 ൽ മറുപടിക്ക്

## ശബരിമല വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, പാറക്കൽ അബ്ദുല്ല<br>,, പി.കെ.ബഷീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി താൽപര്യ പത്രം ക്ഷണിക്കുകയും, തുടർ നടപടികൾ പൂർത്തിയാക്കി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി 25.04.2017 ൽ സമർപ്പിച്ച പ്രാഥമിക സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമല വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തു കൊണ്ട് 21.07.2017 ലെ ജി.ഒ(എം.എസ്) 60/2017/ഗതാ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലവിലുണ്ടോ; | (ബി) ചെറുവള്ളി എസ്റ്റേറ്റ് സംബന്ധിച്ച ഉടമസ്ഥാവകാശ തർക്കം WP(c) 10640/2015 നമ്പർ കേസ് പ്രകാരം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ |

നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28.05.2015 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ കണ്ടെത്തലുകളിൽ ബഹു. ഹൈക്കോടതി റഫറൻസ് ഉത്തരവിൽ സർക്കാരിന് അനുകൂലമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. കമ്പനികൾ മുൻപ് നേടിയ കോടതി ഉത്തരവുകളിൽ തീരുമാനം എടുക്കുന്നതിനായി കേസുകൾ നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

| | | |
|---|---|---|
| (സി) | നഷ്ടപരിഹാരം നൽകാതെ (സി) സ്ഥലം ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | സ്ഥലം എടുക്കുന്നതു സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടില്ല. |

S R K.

സെക്ഷൻ ഓഫീസർ